# കേരളസർവകലാശാല

നം.പി.ആർ.44/2023

## പത്രക്കുറിപ്പ്

### ഡിപ്പാർട്ട്മെൻറ് യൂണിയൻ തെരഞ്ഞെടുപ്പ്

2023 മാർച്ച് 1 ന് നടക്കുന്ന കേരളസർവകലാശാല ഡിപ്പാർട്ട്മെൻറ് യൂണിയൻ തെരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി വിദ്യാർത്ഥികൾക്ക് സർവകലാശാല അനുവദിച്ച വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ ബന്ധപ്പെട്ട പഠന വകുപ്പിന്റെ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കാവുന്നതാണ്.

### പി.ജി.ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് അഡ്മിഷൻ 2023

കേരളസർവകലാശാല നിയമ വകുപ്പിന് കീഴിൽ നടത്തി വരുന്ന പി ജി ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് (PGDHR) കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ടു മാസം ദൈർഘ്യമുള്ള കോഴ്സിന് 2000/ – രൂപയാണ് ഫീസ്, അപേക്ഷിക്കേണ്ട അവസാന തീയതി: 2023 ഏപ്രിൽ 5. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308936 എന്ന നമ്പറിൽ ബന്ധപ്പെടുക. ഇ-മെയിൽ വിലാസം : **officekulaw@ gmail.com**

### ജർമ്മൻ A2 (DeutschA2) Short Term കോഴ്സ് അപേക്ഷാ തീയതി നീട്ടി

ജർമ്മൻ A2 (DeutschA2) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു അവസാന തീയതി മാർച്ച് 13 വരെ നീട്ടിയിരിക്കുന്നു. യോഗ്യത പ്ലസ് ടു/ തത്തുല്യം & ജർമ്മൻ A1 (DeutschA1) കോഴ്സ്/ തത്തുല്യം . ഫീസ് 9000/രൂപ കോഴ്സ് കാലയളവ് 80 മണിക്കൂർ (രണ്ടു മുതൽ മൂന്നുമാസം ), സമയം രാവിലെ 7.30 മുതൽ 9 മണി വരെ ( തിങ്കൾ മുതൽ വെള്ളി വരെ ). പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 13ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന ജർമൻ പഠനത്തിൽ സ്വീകരിക്കുന്നതാണ്. അപേക്ഷാഫീസ് 105 രജിസ്ട്രേഷൻ ഫീസ് 105 രൂപ ( Payable at University cash counter or online ). വിശദവിവരം വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (മൃദംഗം) ഡിസംബർ 2022 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 മാർച്ച് 8 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വയലിൻ) ഡിസംബർ 2022 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 മാർച്ച് 13 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

# പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല മാർച്ചിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (SLCM 2021 അഡ്മിഷൻ റഗുലർ – 2019 സ്കീം), (സപ്ലിമെന്ററി 2019 & 2020 അഡ്മിഷൻ – 2019 സ്കീം), (സപ്ലിമെന്ററി–2018 അഡ്മിഷൻ – 2015 സ്കീം) പരീക്ഷകൾക്ക് പിഴ കൂടാതെ 2023 മാർച്ച് 7 വരെയും, 150 രൂപ പിഴയോടുകൂടി മാർച്ച് 10 വരെയും, 400 രൂപ പിഴയോടുകൂടി 2023 മാർച്ച് 14 വരെയും ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. റഗുലർ വിദ്യാർത്ഥികൾ SLCM വെബ്സൈറ്റ് മുഖേന മാത്രം ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്

തിരുവനന്തപുരം,
28.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**